(ബി) മുഴുവൻ അപേക്ഷാ നടപടികളും ഓൺലൈനാക്കിയതുമൂലം തൊഴിൽരഹിതരായ പട്ടികജാതി, പട്ടികഗോത്ര, പിന്നോക്ക, വികലാംഗ ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഒരു അപേക്ഷ സമർപ്പിക്കണമെങ്കിൽ ഇന്റർനെറ്റ് കഫേകളെ ഒന്നിലേറെതവണ ആശ്രയിക്കേണ്ടിവരുന്നകാര്യം അറിവുണ്ടോ ; പുതിയ പരിഷ്ക്കാരം അത്തരക്കാരെ സർക്കാർ തൊഴിൽ മേഖലയിൽനിന്നും അകറ്റി നിർത്താൻ കാരണമാവുന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) ഫോട്ടോ സ്കാൻ ചെയ്ത് ചേർക്കുക, ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുക തുടങ്ങിയ ചെലവേറിയ നടപടികൾ പാവപ്പെട്ട തൊഴിൽരഹിതരെ ചൂഷണ വിധേയരാക്കാനിടയാക്കുമെന്നുള്ള വിവരം സർക്കാരിനറിവുണ്ടോ ;

(ഡി) തൊഴിൽരഹിതരെ ലക്ഷ്യമിട്ട് പല പേരുകളിൽ സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന് തെറ്റിദ്ധരിപ്പിച്ചുകൊണ്ട് കമ്പ്യൂട്ടർ സെന്ററുകൾ പ്രവർത്തിച്ചു തുടങ്ങിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പുതിയ പരിഷ്കാരംമൂലം കോടിക്കണക്കിന് രൂപയുടെ അപേക്ഷാ ഫോറങ്ങൾ ഉപയോഗ്യമല്ലാതായിട്ടുണ്ടോ ;

(എഫ്) തൊഴിൽരഹിതരായ പാവപ്പെട്ടവരുടെയും അവശ പിന്നോക്ക വിഭാഗങ്ങളുടെയും താല്പര്യം സംരക്ഷിക്കാൻ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുമോ ; ഓൺ ലൈനിലും പോസ്റ്റ്വഴിയും അപേക്ഷ നൽകാനുള്ള സൗകര്യം നിലനിർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. വഴിയുള്ള അപേക്ഷകൾ ഓൺലൈൻ മുഖേനയാക്കുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ

44 (53) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. വഴിയുള്ള അപേക്ഷകളെല്ലാം ഓൺലൈൻ മുഖേനയാക്കുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പ്യൂട്ടർ സാക്ഷരത പൂർണ്ണമായും കൈവരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ രീതിയുടെ പ്രയോഗക്ഷമതയെക്കുറിച്ചുള്ള ആശങ്കകൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) വിദ്യാഭ്യാസ നിലവാരത്തിലും സാങ്കേതിക സൗകര്യങ്ങളുടെ ലഭ്യതയിലും പിന്നോക്കം നില്ക്കുന്ന ഗ്രാമീണജനതയ്ക്കും പട്ടികജാതി-പട്ടിക ഗോത്ര വിഭാഗങ്ങൾക്കും ഈ കാര്യത്തിലുള്ള തീരുമാനം ദോഷകരമായിരിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സാങ്കേതിക ജ്ഞാനക്കുറവുള്ളവർ അപേക്ഷകർക്കുവേണ്ടി ഓൺലൈനിൽ അപേക്ഷ പൂരിപ്പിക്കുന്നതുമൂലം മുൻ സൂചിപ്പിച്ച വിഭാഗങ്ങളുടെ അപേക്ഷകൾ നിരസിക്കപ്പെടാൻ ഇടയാക്കുമെന്ന വസ്തുത പരിഗണിച്ചിട്ടുണ്ടോ ;

(ഇ) അവസരസമത്വം ഉറപ്പുവരുത്താൻ രണ്ടുരീതിയിലും അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യം നിലനിർത്തുമോ ?

ഉത്തരം

(എ–ഇ) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി.-യിൽ ഓൺലൈൻ അപേക്ഷ

45 (54) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി.-യിൽ ഓൺലൈൻ അപേക്ഷ എന്നുമുതലാണ് സ്വീകരിച്ചുതുടങ്ങിയത് ;

(ബി) അപേക്ഷ ഓൺലൈൻ ആക്കുന്നതുമൂലം സെക്യൂരിറ്റി പ്രസ്സിൽ അച്ചടിച്ച അപേക്ഷകൾ നശിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ജനറൽ, എസ്.സി./എസ്.ടി. വിഭാഗത്തിന്റെ എത്ര അപേക്ഷ ഫോമുകളാണ് ഇങ്ങനെ നശിപ്പിക്കേണ്ടിവന്നതെന്നും അവയ്ക്ക് എത്ര രൂപ ചെലവുവരുമെന്നും വ്യക്തമാക്കുമോ ;

(ഡി) ഓൺലൈൻ അപേക്ഷ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനും അച്ചടിച്ച ഫോമുകൾ ഉപയോഗിച്ച് പി.എസ്.സി. അപേക്ഷ സ്വീകരിക്കുന്നതിനും അതുവഴി സർക്കാരിന്റെ നഷ്ടം ലഘൂകരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ–ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. നിയമനം

46 (55) ശ്രീ. രാജാജി മാത്യു തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആയത് ഏതെല്ലാം വകുപ്പുകളിൽ എത്ര പേർക്കാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly